"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - അസറ്റ് മെയിന്റനൻസ് ഫണ്ട് - മെഡിക്കൽ വിദ്യാഭ്യാസം - 2022-23 സാമ്പത്തിക വർഷം - ഭരണാനുമതി നൽകിയിരുന്ന കോട്ടയം മെഡിക്കൽ കോളേജിലെ വിവിധ പരിപാലന പ്രവൃത്തികളിൽ ഉൾപ്പെട്ട പ്രവൃത്തി - പൂർത്തീകരിക്കുന്നതായി നിശ്ചയിച്ചിരുന്ന കാലാവധി ദീർഘിപ്പിച്ചു നൽകിക്കൊണ്ട് - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.1997/2026/H&FWD തീയതി,തിരുവനന്തപുരം, 12-06-2026

പരാമർശം:-
1. സ.ഉ.(സാധാ)നം.760/2023/ആ.കു.വ. തീയതി 30.03.2023
2. സ.ഉ.(സാധാ)നം.961/2025/ആ.കു.വ. തീയതി 29.03.2025
3. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 20.05.2026 തീയതിയിലെ എ3/2193/2022/മെ.വി.വ. നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ 2022-23 സാമ്പത്തിക വർഷം അസ്സറ്റ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് വിവിധ പരിപാലന പ്രവൃത്തികൾ ചെയ്യുന്നതിന് പരാമർശം (1) പ്രകാരം ₹2,56,60,000/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത ഭരണാനുമതി ഉത്തരവിലെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള കാലാവധി പരാമർശം (2) പ്രകാരം 30.09.2025 വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു.

**2.** എന്നാൽ പരാർശം (1)ലെ ഉത്തരവിൽ ക്രമ നമ്പർ 8 ആയി ഭരണാനുമതി നൽകിയിരുന്ന "Roof Repairing works in Community Medicine Department - C2 Block Medical College, Kottayam" എന്ന പ്രവൃത്തി സമയബന്ധിതമായി തുടങ്ങുവാൻ മഴ കാരണം സാധിച്ചിരുന്നില്ലെന്ന് പരാമർശം (3)ലെ കത്ത് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിരുന്നു. പ്രസ്തുത പ്രവൃത്തി 02.04.2026 തീയതിയിൽ പൂർത്തിയായിട്ടുണ്ടെന്ന് അറിയിച്ചുകൊണ്ട് ഗാന്ധിനഗർ കെട്ടിട ഉപവിഭാഗം അസ്സിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ കത്ത് നൽകിയിട്ടുണ്ടെന്നും ആയതിനാൽ പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കേണ്ട കാലാവധി 02.04.2026 വരെ ദീർഘിപ്പിക്കുവാൻ അഭ്യർത്ഥിച്ചതായും ആയതിനാൽ, "Roof Repairing works in Community Medicine Department - C2 block Medical College, Kottayam" എന്ന പ്രവൃത്തിയുടെ ഭരണാനുമതി കാലാവധി 02.04.2026 വരെ ദീർഘിപ്പിച്ച് നൽകണമെന്ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ അഭ്യർത്ഥിക്കുകയുണ്ടായി.

**3.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ 2022-23 സാമ്പത്തിക വർഷം അസ്സറ്റ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് വിവിധ പ്രവൃത്തികൾ ചെയ്യുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ള പരാമർശം (1)ലെ ഉത്തരവിലെ ക്രമ നമ്പർ 8 ആയി ഭരണാനുമതി നൽകിയിരുന്ന "Roof Repairing works in Community Medicine

Department - C2 Block Medical College, Kottayam" എന്ന പ്രവൃത്തി പൂർത്തീകരിക്കുന്നതായി നിശ്ചയിച്ചിരുന്ന കാലാവധി 02.04.2026 വരെ ദീർഘിപ്പിച്ചു നൽകിക്കൊണ്ട് ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. മേൽ ഭേദഗതിയോടെ മാത്രം പരാമർശം (1)ലെയും, (2)ലെയും ഉത്തരവുകൾ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ, സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം), കോട്ടയം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ (ഹെൽത്ത് - എ) വകുപ്പ്
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി(P3/205/2022-HEALTH)

ഉത്തരവിൻ പ്രകാരം
Signed by
Gayathri G
Date: 12-06-2026 11:28:16
സെക്ഷൻ ഓഫീസർ